**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2626** **12-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണസംഘങ്ങളിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിലെ തട്ടിപ്പുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലം മുതൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ; | (എ) | 321 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര എണ്ണത്തിൽ കുറ്റപത്രം നൽകിയിട്ടുണ്ടെന്ന വിവരം നല്കാമോ; | (ബി) | 170 എണ്ണത്തിൽ കുറ്റപത്രം നൽകിയിട്ടുണ്ട്. |
| (സി) | സമീപ കാലത്ത് വ്യപകമായി കണ്ട് വരുന്ന സഹകരണ മേഖലയിലെ ഇത്തരം ക്രമക്കേടുകൾ തടയുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്നറിയിക്കാമോ? | (സി) | ജോയിന്റ് രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും യൂണിറ്റ് ഇൻസ്പെക്ടർമാരും തങ്ങളുടെ അധികാരപരിധി യിൽപെട്ട സഹകരണ സംഘങ്ങളിൽ നടത്തിവരുന്ന ആകസ്മിക/ വിശദ പരിശോധനകൾ കൂടുതൽ കാര്യക്ഷമ മാക്കിയിട്ടുണ്ട്. കരുവന്നൂർ എസ്.സി.ബി യിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ ടി ഉദ്യോഗസ്ഥർ തങ്ങളുടെ അധികാര പരിധിയിൽ പ്രത്യേക വിശദ പരിശോധന കളും നടത്തി വരുന്നു. സഹകരണ ആഡിറ്റ് വിഭാഗത്തെ ശക്തമാക്കുന്ന തിനും സഹകരണ സംഘങ്ങളുടെ ആഡിറ്റ് കാര്യക്ഷമമാക്കുന്ന തിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ സ്പെഷ്യൽ റിപ്പോർട്ട് സഹിതം ഭരണ വിഭാഗത്തെ അറിയിക്കുന്നതിനും ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ വർദ്ധിച്ച് വരുന്ന സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി സഹകരണ നിയമ ത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്ന തിനുള്ള സമഗ്ര നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ